കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 7880/ഇഎം1/11/തസ്വഭവ　　　　തിരുവനന്തപുരം,തീയതി: 30/11/2011.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 27/11/2010 -ലെ തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പിന്റെ 71471/ഇഎം1/2010/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് മാത്രമാണ് ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. എന്നാൽ പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ അംഗങ്ങൾക്കും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചറിയൽ കാർഡുകൾ അനുവദിച്ച് നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളിൽ ചിലർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നത് ഉചിതമായിരിക്കും എന്ന് സർക്കാർ കരുതുന്നു. അതുകൊണ്ട് ഇത് സംബന്ധിച്ച് താഴപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും മുൻസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർക്കും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത തിരിച്ചറിയൽ കാർഡുകൾ നൽകാവുന്നതാണ്. കാർഡുകൾ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഒപ്പുവച്ച് നൽകേണ്ടതും, സാക്ഷ്യപ്പെടുത്തുന്ന തീയതി, കാർഡിന്റെ സാധുതാ കാലയളവ് (തദ്ദേശ സ്വയം ഭരണ സ്ഥാപന സമിതിയുടെ കാലാവധി) എന്നിവ കാർഡുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്. അംഗത്തിന്റെ പേര്, ഒപ്പ്, മേൽവിലാസം, ഫോൺ നമ്പർ, പ്രതിനിധാനം ചെയ്യുന്ന വാർഡിന്റെ/ഡിവിഷന്റെ പേര്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ പേര്, ജില്ല എന്നിവയും കാർഡിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

2. തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനാവശ്യമായ തുക പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്.

3. തിരിച്ചറിയൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി ഒരു ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, അംഗത്തിന്റെ പേര്, കാർഡ് നമ്പർ മുതലായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർത്ത് അംഗത്തിന്റെ ഒപ്പ് വാങ്ങേണ്ടതുമാണ്.

4. രാജി, അവിശ്വാസ പ്രമേയം പാസ്സാകൽ, ഔദ്യോഗിക കാലാവധി അവസാനിക്കൽ എന്നീ കാരണങ്ങളാൽ സ്ഥാനം ഒഴിയേണ്ടി വരുമ്പോൾ പഞ്ചായത്തംഗത്തിന്/ മുനിസിപ്പൽ കൗൺസിലർക്ക് അനുവദിച്ചിരുന്ന തിരിച്ചറിയൽ കാർഡ്, 7 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സറണ്ടർ ചെയ്യേണ്ടതാണ്. കാർഡ് റദ്ദാക്കുന്ന വിവരം യഥാസമയം ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. തിരിച്ചറിയൽ കാർഡ് സറണ്ടർ ചെയ്യാതിരുന്നാൽ അത് ബന്ധപ്പെട്ട അംഗത്തിന്റെ പേരിലുള്ള ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ജയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർ മാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)